LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 1, ചൊവ്വ

വാല്യം 124] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2005, മാർച്ച് മാസം 1-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ... ചോദ്യം നമ്പർ-*250

സഹകരണ സംഘങ്ങളിലെ നിയമനം

1 [*250] ശ്രീ. ടി. കെ. ബാലൻ :

,, വി. കെ. ചന്ദ്രൻ :

,, പിരപ്പൻകോട് മുരളി :

,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച ചട്ടങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി ;

(സി) കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് പരാതികൾ ലഭിക്കുകയുണ്ടായോ; പരാതികളെക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ;

(ഡി) എക്സാമിനേഷൻ ബോർഡ് പരീക്ഷ നടത്തുന്നതിനായുള്ള സംവിധാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി ; വെളിപ്പെടുത്താമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ എം. വി. രാഘവൻ) : സർ,

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15-12-2003-ലെ ജി.ഒ. (പി) 271/2003/സഹ. ഉത്തരവ് പ്രകാരം താഴെപ്പറയുന്ന ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

ചട്ടം 182 ഉപചട്ടം (4)

(i) സഹകരണ സംഘങ്ങൾ/ബാങ്കുകൾ അതാതു സ്ഥാപനങ്ങളിലെ ഒഴിവുകൾ പരീക്ഷാ ബോർഡിനെ അറിയിക്കേണ്ടതും പത്രപ്പരസ്യം ചെയ്യുക, അപേക്ഷകൾ സ്വീകരിക്കുക, പരീക്ഷ സംബന്ധിച്ച എല്ലാ ജോലികളും ചെയ്ത് പരീക്ഷ നടത്തി ഇന്റർവ്യൂവിന് അർഹത നേടിയവരുടെ ലിസ്റ്റ് അതാതു സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അയച്ചുകൊടുക്കേണ്ട ചുമതല, പരീക്ഷാ ബോർഡിൽ നിക്ഷിപ്തമാക്കിക്കൊണ്ട് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ii) സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടുകൂടി അപേക്ഷാഫീസ് വാങ്ങുന്നതിന് പരീക്ഷാ ബോർഡിന് അധികാരം നൽകി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(iii) ഇന്റർവ്യൂവിന് അർഹത നേടുന്നതിന് എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് 30 ശതമാനം മാർക്കും ജനറൽ വിഭാഗത്തിന് 40 ശതമാനം മാർക്കും ആക്കി വ്യവസ്ഥ ഭേദഗതി ചെയ്തിട്ടുണ്ട്.

(iv) ഇന്റർവ്യൂവിന് ഒരു ഉദ്യോഗാർത്ഥി ഹാജരായാൽ മിനിമം 3 മാർക്കും സംഘത്തിന്റെ മാതൃ ജില്ലയിൽ നിന്നു വരുന്ന ഉദ്യോഗാർത്ഥിക്ക് 5 മാർക്കും ബാക്കി മാർക്ക് ഉദ്യോഗാർത്ഥിയുടെ കുടിക്കാഴ്ചയിലുള്ള പ്രകടനത്തിനും നല്കുന്നതിന് വ്യവസ്ഥ ഭേദഗതി ചെയ്തിട്ടുണ്ട്.

കൂടാതെ 3-2-2004-ലെ ജി. ഒ. (പി) 46/04/സഹ. ഉത്തരവു പ്രകാരം താഴെപ്പറയുന്ന മാറ്റങ്ങളും വരുത്തിയിട്ടുണ്ട്.

ചട്ടം 182 ബി.

(1) സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാർ മെമ്പർ സെക്രട്ടറി ആയിരിക്കും എന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്.

(4) ചെയർമാന്റെ പ്രതിമാസ ശമ്പളം 15,000 രൂപയിൽ നിന്ന് 20,000 രൂപയായി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സബ്റൂൾ 9—ബോർഡ് അംഗങ്ങളുടെ നിയന്ത്രണം ചെയർമാനിൽ നിക്ഷിപ്തമാണ്.

ചട്ടം 182 സി

ബോർഡ് മീറ്റിംഗ് നടത്തുന്ന കാര്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ചട്ടം 182 ഡി

സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാറെ ബോർഡ് സെക്രട്ടറിയായി നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) സഹകരണ ചട്ടം 182(4)-ൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം സംഘങ്ങളിൽ ഒഴിവുള്ള തസ്തികകൾക്ക് പത്രപരസ്യം ചെയ്യുന്നതിനും അപേക്ഷകൾ സ്വീകരിക്കുന്നതിനും കൂടി പരീക്ഷാ ബോർഡിനെ അധികാരപ്പെടുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ട്. 6-5-2004-ലെ ജി. ഒ. (എംഎസ്.) 133/2004 പ്രകാരം തെറ്റായ ഉത്തരങ്ങൾക്കുള്ള കാൽ ശതമാനം നെഗറ്റീവ് മാർക്ക് നിർത്തലാക്കിയിട്ടുണ്ട്. പുതുക്കിയ ഉത്തരവിൻ പ്രകാരം ഇന്റർവ്യൂവിന് അർഹത നേടുന്നതിനുള്ള മാർക്ക് പൊതു വിഭാഗത്തിന് 40 ശതമാനമായും എസ്.സി./എസ്.റ്റി. വിഭാഗത്തിന് 30 ശതമാനമായും ഭേദഗതി വരുത്തിയിട്ടുണ്ട്.

ശ്രീ. ടി. കെ. ബാലൻ : സർ, സഹകരണസംഘം ചട്ടങ്ങൾ അനുസരിച്ച് പരീക്ഷ ബോർഡ് നടത്തുന്ന പരീക്ഷകളെ സംബന്ധിച്ച് ചില ആരോപണങ്ങൾ വന്നിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ചോദ്യക്കടലാസ്, ഉത്തരക്കലാസ്, മാർക്ക് ലിസ്റ്റ്, ഇന്റർവ്യൂ മാർക്ക് ലിസ്റ്റ് മുതലായ രേഖകൾ ഭദ്രമായി സൂക്ഷിക്കണമെന്നാണ് ചട്ടത്തിൽ പറയുന്നത്. പക്ഷേ ഇപ്പോൾ ഈ രേഖകളൊന്നും ഈ ബോർഡ് ആഫീസിൽ ഭദ്രമായി സൂക്ഷിക്കുന്നില്ല എന്ന് ഉദ്യോഗാർത്ഥികളിൽ നിന്ന് ആരോപണം ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച എന്തെങ്കിലും വിവരം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എം. വി. രാഘവൻ : ഈ പറയുന്ന ആരോപണങ്ങളല്ല കിട്ടിയത്. കിട്ടിയ ആരോപണം എന്നു പറയുന്നത് ഈ വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. ചില സംഘങ്ങൾ അപ്ലിക്കേഷൻ ക്ഷണിച്ചാൽ തങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ ഒഴിവാക്കുന്നു. ഇന്റർവ്യൂ നടത്തുമ്പോൾ മാർക്കിന്റെ തകരാർ വരുത്തുന്നു എന്നു തുടങ്ങി പല പരാതികളും കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി വരുത്താൻ ഉദ്ദേശിച്ചത്.

ശ്രീ. ടി. കെ. ബാലൻ : ഞാൻ ചോദ്യോത്തര വേളയിൽ ഒരു ആരോപണം ഉന്നയിക്കുകയല്ല. വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. എക്സാമിനേഷൻ ബോർഡിന്റെ ഇപ്പോഴത്തെ ചെയർമാൻ അഡ്വക്കറ്റ് സക്കറിയാസ് ബി. തറയലിന്റെ ഒരു ബന്ധുവിന് പെരുമ്പഴുതൂർ സർവ്വീസ് സഹകരണ ബാങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ജോലി ലഭിക്കാൻ റാങ്ക് ലിസ്റ്റിൽ ചെയർമാൻ നേരിട്ട് ഇടപെട്ട് കൃത്രിമം കാണിച്ചു എന്ന പരാതിയിന്മേൽ, ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഉത്തരം (സി) യിൽ ബഹുമാനപ്പെട്ട മന്ത്രി ഇതേപ്പറ്റി പറഞ്ഞിട്ടുണ്ട്. പല ആരോപണങ്ങൾ വന്നിട്ടുണ്ടായിരിക്കും; അതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടായിരിക്കും. എന്താണ് അതിന്റെ വിശദാംശം എന്ന് അറിയിക്കുമോ ?

ശ്രീ. എം. വി. രാഘവൻ : ഈ പറയുന്ന ഒരു റിപ്പോർട്ടും ഗവൺമെന്റിന് കിട്ടിയിട്ടില്ല. ഗവൺമെന്റിന് കിട്ടിയാൽ ശക്തമായ നടപടി സ്വീകരിക്കാം.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, സഹകരണ സംഘങ്ങളിലെ നിയമനവുമായി ബന്ധപ്പെട്ട് പരീക്ഷ ബോർഡ് നടത്തുന്ന ക്വസ്റ്റ്യൻ പേപ്പർ, ഇന്റർവ്യൂ ലിസ്റ്റ്, തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ ബഹുമാന്യനായ ടി. കെ. ബാലൻ ചോദ്യം ചോദിക്കുകയുണ്ടായി. അതിൽ പരീക്ഷ ബോർഡ് ചെയർമാൻ ഇതിന്റെ ലിസ്റ്റ് സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ പ്രോഗ്രാം വഴി ചോർത്തി കൊടുത്ത് തന്നിഷ്ടക്കാരെ നിയമിക്കുന്നതായിട്ടുള്ള ചില പരാതികൾ വരികയുണ്ടായി. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ചില പരാതികൾ വന്നിട്ടുണ്ടെന്ന് സൂചിപ്പിച്ചു. ചെയർമാന്റെ താല്പര്യക്കാരെ നിയമിക്കുന്ന കാര്യം സംബന്ധിച്ച് വന്നിട്ടുള്ള പരാതി അന്വേഷിക്കുകയും അതുസംബന്ധിച്ച് നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. എം. വി. രാഘവൻ : സർ, ആരോപണങ്ങൾ ഉന്നയിക്കുന്ന ചോദ്യോത്തര വേളയായിക്കൂടാ. ബഹുമാനപ്പെട്ട മെമ്പർക്ക് പരാതിയുണ്ടെങ്കിൽ എഴുതി തന്നാൽ അന്വേഷിച്ച് നടപടിയെടുക്കാം.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞത് ഇതുസംബന്ധിച്ച് പരാതി കിട്ടിയിട്ടുണ്ടെന്നാണ്. ആ പരാതി എന്താണെന്നറിയാനുള്ള അംഗങ്ങളുടെ അവകാശത്തെക്കുറിച്ചാണ് ഞാൻ ചോദിച്ചത്. ഞാൻ വേറെ അലിഗേഷൻ ഉന്നയിക്കുകയല്ല. എന്റെ രണ്ടാമത്തെ ചോദ്യം പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് എക്സാമിനേഷൻ ബോർഡ് ചെയർമാന് പരാതി കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ ക്രമക്കേടുകൾ നടത്തുന്ന ഒരു പരീക്ഷ ബോർഡ് ചെയർമാൻ, ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ ജീവിതത്തെയാണ് പന്താടുന്നത്. അത് മനസിലാക്കി അദ്ദേഹത്തെ തൽസ്ഥാനത്തുനിന്നു മാറ്റി അദ്ദേഹത്തിന്റെ പേരിൽ വന്നിട്ടുള്ള ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എം. വി. രാഘവൻ : ക്രമക്കേടിനെപ്പറ്റി മെമ്പർ ഇവിടെ എഴുതി തന്നിട്ടില്ല. ക്രമക്കേട് ഉണ്ട് എന്നു ഒരാളുടെ പേരിൽ ആരോപിച്ച് ആ ക്രമക്കേടിന്റെ പേരിൽ അന്വേഷണത്തിന് ആവശ്യപ്പെടുന്നത് ശരിയാണോ; ഇവിടെ കിട്ടിയ പരാതിയിൽ തളിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്കിൽ ജൂനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് 16-6-2000-ൽ നടത്തിയ പരീക്ഷ സംബന്ധിച്ച് ഒരു ഉദ്യോഗാർത്ഥി സർക്കാരിന് നൽകിയ പരാതിയിന്മേൽ പരീക്ഷാബോർഡിൽ നിന്നു റിപ്പോർട്ട് വാങ്ങി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടാമത് 3-11-2001-ലും 22-12-2001-ലും

LIBRARY ARCHIVES Kerala Legislative Assembly

പരീക്ഷ ബോർഡ് നടത്തിയ ജൂനിയർ ക്ലാർക്ക് പരീക്ഷയെ സംബന്ധിച്ച് സർക്കാരിന് ലഭിച്ച പരാതിയിന്മേൽ സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ ഡെപ്യൂട്ടി രജിസ്ട്രാർ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. വിതുര സർവ്വീസ് സഹകരണ ബാങ്കിൽ ജൂനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് 16-6-2001-ൽ നടന്ന പരീക്ഷ സംബന്ധിച്ച പരാതിയിന്മേൽ സഹകരണസംഘം ആഫീസ് ജോയിന്റ് രജിസ്ട്രാർ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. പെരുംപഴുതൂർ സർവ്വീസ് സഹകരണ ബാങ്കിൽ ജൂനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് 8-11-2000-ൽ നടത്തിയ പരീക്ഷസംബന്ധിച്ച് ലഭിച്ച പരാതി ഡിവൈ. എസ്. പി. (വിജിലൻസ്) ആന്റികറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിലാണ്. ഇത്രയും പരാതികളെ ഗവൺമെന്റിന് കിട്ടിയിട്ടുള്ളൂ.

ശ്രീ. പിരപ്പൻകോട് മുരളി : സർ, ചില ബാങ്കുകളിൽ പ്യൂൺ പോസ്റ്റു പോലുള്ളവയുടെ നിയമനം പി.എസ്.സി.ക്കു വിട്ടിരിക്കുകയാണ്. സ്വീപ്പർ, വാച്ചർ, ലിഫ്റ്റ് ഓപ്പറേറ്റർ തുടങ്ങിയ പോസ്റ്റിൽ വേണ്ടപ്പെട്ടവരെ നിയമിക്കുകയും ഒരു ഘട്ടം കഴിഞ്ഞാൽ അവരെ പ്യൂൺ പോസ്റ്റിലേയ്ക്ക് പ്രമോട്ട് ചെയ്യുകയും ചെയ്യുന്ന ഒരു രീതി നിലവിലുണ്ട്. വാസ്തവത്തിൽ അതുവഴി പി.എസ്.സി. നിയമന തത്വം ലംഘിക്കപ്പെടുകയാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ അതു തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട മെമ്പർ റൂളിൽ ഇല്ലാത്തത് എവിടെ നടന്നു എന്നു എഴുതിത്തന്നാൽ അന്വേഷിക്കാം.

ശ്രീ. പിരപ്പൻകോട് മുരളി : ഇത് സാധാരണയായി നടക്കുന്നതാണ്. ഞാൻ ഇതിനെക്കുറിച്ച് പറയുന്നില്ല. അങ്ങേയ്ക്കും അറിയാം, എനിക്കും അറിയാം. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഒരു ആരോപണത്തിന് ചോദ്യോത്തരവേള വിനിയോഗിക്കുന്നില്ല. ഒരു സ്ഥാപനത്തിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെങ്കിൽ ആ സ്ഥാപനം അതുമായി ബന്ധപ്പെട്ട സബ്റൂൾ പാസ്സാക്കണമെന്നുണ്ട്. നേരിട്ട് നിയമനം നടത്തുന്ന സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്ക് വിടാൻ സബ്റൂൾ പാസ്സാക്കാൻ നിർദ്ദേശം നല്കുമോ ? അതുപോലെതന്നെ മിൽമ, കൺസ്യൂമർ ഫെഡ് തുടങ്ങിയവയിലെ നിയമനങ്ങൾ പി.എസ്.സി.ക്കു വിടാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ: കൺസ്യൂമർഫെഡിലെ നിയമനം പി.എസ്.സി.ക്ക് വിട്ടതാണ്. മിൽമയുടേത് ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഇപ്പോൾ അവിടെ പ്രക്ഷോഭണം നടക്കുകയാണ്. അത് സാധിക്കാത്ത കാര്യമാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, പി.എസ്.സി., യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്ക് ആളുകളെ എടുക്കുന്നത് കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് കൗണ്ട് ചെയ്താണ്. ആ സിസ്റ്റം തന്നെയായിരുന്നു എക്സാമിനേഷൻ ബോർഡും തുടർന്നു വന്നിരുന്നത്. അടുത്ത കാലത്തായി ആ സിസ്റ്റമെല്ലാം മാറ്റിക്കൊണ്ട്, ചില ബാങ്കുകളിൽ ഇന്റർവ്യൂ ലിസ്റ്റ് തയ്യാറാക്കുന്നത് കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് കൗണ്ട് ചെയ്യാതെയാണ്. ഇത് ഒരുപാട് ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസമുണ്ടാകുന്നുണ്ട്. നിലവിലുള്ള കീഴ്വഴക്കങ്ങളും ചട്ടങ്ങളുമെല്ലാം ലംഘിച്ചുകൊണ്ടാണ് ഇന്റർവ്യൂ നടത്തിക്കൊണ്ടിരിക്കുന്നത്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ?

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അങ്ങനെയുള്ള കൃത്രിമങ്ങൾ ഉള്ളതുകൊണ്ടാണ് ആപ്ലിക്കേഷൻ ക്ഷണിക്കുന്നതിനും ടെസ്റ്റ് നടത്തുന്നതിനും ഇന്റർവ്യൂ ലിസ്റ്റ് സഹകരണ സംഘങ്ങൾക്ക് അയച്ചു കൊടുക്കുന്നതിനുമുള്ള പുതിയ വ്യവസ്ഥകളൊക്കെ കൊണ്ടുവന്നിട്ടുള്ളത്. ആ ലിസ്റ്റിൽ ടെസ്റ്റ് നടത്തിയതിലെ മാർക്ക് പറയുകയില്ല. ബാങ്ക് ഇന്റർവ്യൂ നടത്തി അവരുടെ മാർക്ക് രേഖപ്പെടുത്തി ഇങ്ങോട്ട് അയച്ചാൽ അതിൽനിന്ന് റാങ്ക് ലിസ്റ്റ് തയ്യാറാക്കി കൊടുക്കും. ആ ഒരു രീതിയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ : കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ബാങ്കുകളിലേയ്ക്ക് അയയ്ക്കുന്നതിന് ഇപ്പോൾ വലിയ കാലതാമസമാണ് വരുന്നത്. അത് ബോർഡിന്റെ കസ്റ്റഡിയിൽത്തന്നെ വച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ കാലതാമസം വരുന്നതിനാൽ ഇതിന്റെ രഹസ്യ സ്വഭാവം നഷ്ടപ്പെടുകയാണ്. അതുകൊണ്ടുതന്നെ കൃത്രിമങ്ങളും വ്യാപകമായി നടക്കുന്നു. അതു മാറ്റാൻ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. നാലഞ്ചു മാസമായി വലിയ താമസം വന്നിട്ടുണ്ട്. റൂൾ മാറ്റുന്നതിന് സമയം എടുത്തതാണ് അതിനു കാരണം. ഇപ്പോൾ പെട്ടന്ന് നടക്കുന്നുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ : സഹകരണസംഘങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് നല്കേണ്ടുന്ന റിസർവേഷൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പി. എസ്. സി.യുടെ നോംസ് അനുസരിച്ച് നിയമനത്തിനു വേണ്ടുന്ന ഉത്തരവു നല്കുമോ ?

ശ്രീ. എം. വി. രാഘവൻ: ഇന്റർവ്യൂവിൽ അർഹത നേടുന്നതിന് ജനറൽ വിഭാഗത്തിന് മിനിമം മാർക്ക് നാല്പതും പട്ടികജാതിക്കാർക്ക് മൂപ്പതുമായി കുറച്ചിട്ടുണ്ട്. അങ്ങനെ പത്തു ശതമാനത്തിന്റെ വ്യത്യാസം വരുത്തിയിട്ടുണ്ട്. പട്ടികജാതിക്കാർക്കുള്ള ആനുകൂല്യം എന്ന നിലയിൽത്തന്നെയാണ് ഇത് വന്നിട്ടുള്ളത്. വേറെ എന്താണ് മെമ്പർ ഉദ്ദേശിച്ചത് എന്ന് അറിയില്ല.

ശ്രീ. കെ. പി. മോഹനൻ : 1975-നു മുമ്പ് ജോലിയിൽ പ്രവേശിച്ച എസ്.എസ്.എൽ.സി. പാസ്സായ ജീവനക്കാർക്ക് പ്രൊമോഷൻവഴി അസിസ്റ്റന്റ് സെക്രട്ടറി വരെ എത്താമായിരുന്നു. അവരെ സെക്രട്ടറി സ്ഥാനത്തേയ്ക്ക് പ്രൊമോട്ട് ചെയ്യുന്നില്ല. അതിനു നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വി. രാഘവൻ: ഇത് കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡിന്റെ തീരുമാനമാണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ ഗവൺമെന്റ് എടുത്തിട്ടുണ്ട്. അതിന് റൂൾ ചെയ്ഞ്ച് ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

എക്സംപ്ഷൻ കൊടുക്കുന്നുണ്ട്. കൂടാതെ ഗ്രാജുവേഷനും എക്സംപ്ഷൻ കൊടുക്കുന്നുണ്ട്. ഇതുപോലുള്ള എക്സംപ്ഷന് അപേക്ഷിക്കുന്നവർക്ക് കൊടുക്കുന്നുണ്ട്. പക്ഷേ എച്ച്. ഡി. സി. യോ ജെ. ഡി. സി. യോ ഇല്ലാത്തവർക്ക് എക്സംപ്ഷൻ കൊടുക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ : സഹകരണസംഘങ്ങളിലെ നിയമനം സംബന്ധിച്ച് വ്യക്തമായ ഒരു നയം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ? അതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം സംവരണമാണ്. കേരളത്തിലെ സഹകരണസംഘങ്ങളിൽ സംവരണം പാലിക്കുന്നില്ലെന്നു പറഞ്ഞ് ധാരാളം പരാതികൾ കിട്ടുന്നുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയ്യുന്നതുപോലെ സഹകരണസംഘങ്ങളിലെ നിയമനങ്ങളിലും സംവരണം നിർബന്ധമായും പാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ? സംവരണ ലംഘനങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. വി. രാഘവൻ: അത് പരിശോധിക്കാം.

ശ്രീ. എം. വി. ജയരാജൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ടെസ്റ്റ് മാർക്ക് എത്രയെന്ന് കൺസോളിഡേറ്റ് ചെയ്തു കഴിഞ്ഞാൽ അത് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെ അറിയിക്കാതെ അവർ ഇന്റർവ്യൂ നടത്തിക്കഴിഞ്ഞ് ഇന്റർവ്യൂവിന് രേഖപ്പെടുത്തിയിട്ടുള്ള മാർക്ക് പരീക്ഷാ ബോർഡിനെ അറിയിച്ചു കഴിഞ്ഞാൽ പരീക്ഷാ ബോർഡിലെ അംഗങ്ങൾ ഇതു രണ്ടും കൂടി കൺസോളിഡേറ്റ് ചെയ്ത് ബാങ്കിനെ അറിയിക്കുകയാണ് ചെയ്യുക എന്നാണ്. 21-7-2004-ന് അവിടെയുള്ള പ്രിന്റർ തകരാറിലായിപ്പോയി എന്നു പറഞ്ഞിട്ട് പരീക്ഷയ്ക്ക് കിട്ടിയിട്ടുള്ള മാർക്ക് അംഗങ്ങളെ കാണിച്ചിട്ടില്ല. ബാങ്ക് ഇന്റർവ്യൂ നടത്തിയിട്ട് അവർ ഓരോരുത്തർക്കും കൊടുത്തിട്ടുള്ള മാർക്ക് പരിശോധിച്ചു. ഇത്തരത്തിൽ പത്തു ജീവനക്കാരുടെ മാർക്ക് കൺസോളിഡേറ്റ് ചെയ്യുന്ന കാര്യത്തിൽ ചെയർമാൻ കൃത്രിമം കാട്ടിയെന്ന വസ്തുത അങ്ങേയ്ക്കും സഹകരണ വകുപ്പിനും അറിയാം. വളരെ പ്രകടമായ, കൃത്യമായ ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ ഈ ചെയർമാനെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എം. വി. രാഘവൻ: സർ, ഇത് അടിസ്ഥാനരഹിതമായിട്ടുള്ള ഒരു ചോദ്യമാണ്. ഒരാൾ ഇന്ന കുറ്റം ചെയ്തുവെന്നു പറയുക, എന്നിട്ട് അത് മന്ത്രിക്കും അറിയാമെന്നു പറയുക, അതുകൊണ്ട് ശിക്ഷിക്കണമെന്നു പറയുക. ഇങ്ങനെയൊക്കെപ്പറഞ്ഞാൽ എന്താണ് മറുപടി പറയുക? ഗവൺമെന്റിന് ഇതു സംബന്ധിച്ച് പരാതി ഒന്നും കിട്ടിയിട്ടില്ല. മെമ്പർ എഴുതിത്തന്നാൽ അന്വേഷിക്കാം.

ശ്രീ. സി. പി. മുഹമ്മദ് : നിയമന നിരോധനത്തിന് എതിരെ ഏറ്റവുമധികം മുറവിളികൂട്ടിക്കൊണ്ടിരിക്കുന്ന സംസ്ഥാനത്ത് കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡിന്റെ പ്രവർത്തനം വളരെ നിഷ്പക്ഷമായി നടക്കുന്നതുകൊണ്ട് അനേകം ഒഴിവുകൾ ഉണ്ടായിട്ടും നിയമനം നടത്താത്ത ഒരുപാട് സഹകരണസംഘങ്ങൾ ഉണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുള്ള സഹകരണ സംഘങ്ങളിൽ ആവശ്യമായ നിയമനം നടത്തുന്നതിന് നിർദ്ദേശം നല്കുമോ ?

ശ്രീ. എം. വി. രാഘവൻ: ഞാൻ നേരത്തേ പറഞ്ഞതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതും നേരത്തേ ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞതും ശരിയാണ്. നൂൾ ചെയ്ത് ചെയ്തപ്പോൾ ഒരു തടസ്സം വന്നിട്ടുണ്ട്. അത് പെട്ടെന്ന് തീർക്കാൻ നോക്കാം.

ശ്രീ. ടി. കെ. ദേവകുമാർ : ബഹുമാനപ്പെട്ട പിതപ്പൻകോട് മുരളി ചോദിച്ച ഒരു ചോദ്യത്തിന് അങ്ങ് മറുപടി പറയാൻ വിട്ടുപോയതാണ്. ഈ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുക്കുകയും അതിന് സബ്റൂൾ ഉണ്ടാക്കി നടപ്പിലാക്കുകയും ചെയ്യണമെന്ന് ഗവൺമെന്റ് തീരുമാനമെടുത്തിട്ട് ഇപ്പോഴും അത് പലയിടത്തും നടത്താതെ താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. അത്തരം അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിൽ സമയബന്ധിതമായി സബ്റൂൾ ഉണ്ടാക്കുന്നതിനും അവിടെ നിലവിലുള്ള നൂറു കണക്കിന് വേക്കൻസികൾ ഫിൽ ചെയ്യുന്നതിനും സമയബന്ധിതമായ നിലപാട് സ്വീകരിക്കുമോ ?

ശ്രീ. എം. വി. രാഘവൻ: ചില കൺസ്യൂമർ ഫെഡറേഷനുകളിലാണ് താത്കാലിക ജീവനക്കാരുള്ളത്; പണ്ടേയുള്ളതുണ്ട്, ഇപ്പോഴുള്ളതുമുണ്ട്. ശ്രീ. എം. വി. ജയരാജനോട് ചോദിച്ചാൽ അതിന്റെ വിവരമറിയാം. പിരിച്ചുവിടാൻ അദ്ദേഹം സമ്മതിക്കുമെങ്കിൽ ഉടനെ പിരിച്ചുവിടാം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, സഹകരണമേഖല കേരളത്തിലെ തൊഴിൽ ലഭിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ്. ആ മേഖലയിൽ പി.എസ്.സി. മുഖേന ലഭിക്കുന്നതുപോലുള്ള സംവരണമല്ല പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കുന്നത്. ഉദാഹരണത്തിന് ഒരു സഹകരണ സ്ഥാപനത്തിൽ രണ്ട് ഒഴിവാണുള്ളത്. ആ രണ്ട് ഒഴിവ് നികത്തുമ്പോൾ സ്വാഭാവികമായി മെരിറ്റ് അടിസ്ഥാനപ്പെടുത്തി രണ്ട് പേരെമാത്രമേ എടുക്കുകയുള്ളൂ. ഇവിടെ പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഇല്ലെങ്കിൽ സംവരണ വിഭാഗത്തിന്റെ ഭാഗമായി ആളുകളെ എടുക്കുന്നില്ല. ഈ രണ്ടേ രണ്ട് ഒഴിവു വരുമ്പോൾ ഒരു സഹകരണ സംഘത്തിലും കൃത്യമായി സംവരണം പാലിക്കപ്പെടുന്നില്ല എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറുണ്ടോ ?

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഇല്ലെന്ന് എനിക്ക് ഉറപ്പിച്ചുപറയാൻ കഴിയുകയില്ല. ചില സഹകരണ സംഘങ്ങൾ അങ്ങനെ ചെയ്തിട്ടുണ്ടാകാം. അതിനെപ്പറ്റി അന്വേഷിക്കാം. പട്ടികജാതിക്കാർക്ക് അമെന്റ് ഒരന്റിന്റെ അടിസ്ഥാനത്തിൽ പത്തു ശതമാനം ഇളവു കിട്ടുമെന്നുള്ളതുണ്ട്. എന്തായാലും അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly